(ബി) എത്ര ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ ഉണ്ട്;

(സി) എത്ര സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ഉണ്ട്;

(ഡി) എത്ര എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉണ്ട്;

(ഇ) ഇവർ ഓരോരുത്തരുടെയും വെവ്വേറെയുള്ള ജോലികൾ എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇത്രയും എഞ്ചിനീയർമാർ ഉണ്ടായിരുന്നിട്ടും ചില ജോലികൾ പുറത്ത് കൊടുത്ത് ചെയ്യിക്കുന്നതിന്റെ കാരണം എന്ത് ?

ഉത്തരം

(എ) ഒന്ന്.

(ബി) രണ്ട്.

(സി) ആറ്.

(ഡി) മുപ്പത്തിയഞ്ച്.

(ഇ) 1. ചീഫ് എഞ്ചിനീയർ: പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ വകുപ്പുമേധാവി എന്ന നിലയിൽ സാങ്കേതികവും ഭരണപരവുമായ ചുമതല വഹിക്കുന്നു.

2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ: (ജനറൽ ആൻറ് അഡ്മിനിസ്ട്രേഷൻ) ഡിപ്പാർട്ടുമെന്റിന്റെ പൊതുഭരണപരമായ കാര്യങ്ങളിലും ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെ കാര്യങ്ങളിലും ചീഫ് എഞ്ചിനീയറെ സഹായിക്കുന്നു.

3. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ: (പ്രോജക്ട്). ഡിപ്പാർട്ടുമെന്റിലെ പ്രോജക്ട് സംബന്ധമായ സാങ്കേതിക കാര്യങ്ങളിൽ ചീഫ് എഞ്ചിനീയറെ സഹായിക്കുന്നു.

4. സൂപ്രണ്ടിംഗ് എഞ്ചിനീയർ: ചുമതലപ്പെടുത്തിയിട്ടുള്ള മേഖലയുടെ സാങ്കേതികവും ഭരണപരവുമായ കാര്യങ്ങളിൽ മേൽനോട്ടവും അധികാരപരിധിക്കകത്തുള്ള ചുമതലയും വഹിക്കുന്നു.

5. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ: ജില്ലാ തലത്തിൽ അതാതു ഡിവിഷന്റെ കീഴിൽ വരുന്ന വാട്ടർ സപ്ലൈ, ഡ്രെയിനേജ്, ഇൻവെസ്റ്റിഗേഷൻ മുതലായ ജോലികളുടെ നിർവ്വഹണത്തിന്റെ മേൽനോട്ടം വഹിക്കുന്നു.

(എഫ്) ചോദ്യം വ്യക്തമല്ല. എന്തു ജോലിയാണ് പുറത്തു കൊടുത്ത് ചെയ്യിക്കുന്നതെന്നു വ്യക്തമാക്കിയാലേ അതിനുള്ള കാരണം പറയാൻ സാധിക്കുകയുള്ളൂ.

മൽസ്യത്തൊഴിലാളി ക്ഷേമപ്രവർത്തനം

1218 [1947] ശ്രീ. സേവ്യർ അറയ്ക്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മൽസ്യത്തൊഴിലാളികൾക്ക് എത്ര ഭവനങ്ങൾ നിർമ്മിച്ചു നൽകുകയുണ്ടായി;

(ബി) ഇതിലേയ്ക്കു മൊത്തം എത്ര തുക ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly

(സി) മൽസ്യത്തൊഴിലാളി സമുദായത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി നടത്തുന്ന ഫിഷറീസ് സ്കൂളുകളിലെ വിജയശതമാനം വളരെ ഉയർന്നതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഗണിച്ച് ഇത്തരം സ്കൂളുകൾ കൂടുതലായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇ. എസ്. ഐ. മാതൃകയിലുള്ള ശുശ്രൂഷാസൗകര്യങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് കൂടി ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1977-78 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പിൽ നിന്ന് 2000 പേർക്ക് ഭവനനിർമ്മാണഗ്രാന്റ് നൽകുകയുണ്ടായി.

(ബി) ഗ്രാന്റിനത്തിൽ 1977-78 സാമ്പത്തിക വർഷത്തിൽ 25,55,000 രൂപ ചെലവായി.

(സി) ഉണ്ട്.

(ഡി) പുതുതായി അഞ്ചു സ്കൂളുകൾകൂടി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ഫിഷറീസ് വകുപ്പിൽ നിന്നും ഇതുവരെ 19 ഗ്രാമീണ ഫിഷറീസ് ഡിസ്പെൻസറികൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ പുതിയ താതി 10 ഗ്രാമീണ ഫിഷറീസ് ഡിസ്പെൻസറികൾ കൂടി ആരംഭിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. ഇവ മുഖേനയുള്ള സൗകര്യങ്ങൾ മൽസ്യത്തൊഴിലാളികൾക്കും ലഭ്യമാകുന്നതാണ്.

പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ഗ്രാന്റ്

1219 [1949] ശ്രീ. എം. കെ. കേശവൻ:

,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി ശോഷിക്കുവായ പഞ്ചായത്തുകൾക്കു ഗവൺമെന്റിൽനിന്നും ഗ്രാന്റ് അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്ത്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ വിധം എത്ര സംഖ്യ അനുവദിച്ചു;

(സി) എത്ര പഞ്ചായത്തുകൾക്കു സ്പെഷ്യൽ ഗ്രാന്റ് നൽകി ?

ഉത്തരം

(എ) തെരുവുവിളക്കുകൾ സ്ഥാപിക്കുക, ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുക, കളിസ്ഥലങ്ങൾ, പൊതുശ്മശാനങ്ങൾ, ഓപ്പണയർ തിയേറ്റർ, ഓടകൾ, കക്കൂസുകൾ എന്നിവ നിർമ്മിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി പഞ്ചായത്തുകൾക്ക് ഗ്രാന്റ് നൽകാറുണ്ട്. ഈ ഗ്രാന്റുകൾ തുലോമായ വരുമാനം മാത്രമുള്ള, പ്രത്യേകിച്ച് രണ്ടും മൂന്നും ഗ്രേഡുകളിലുള്ള പഞ്ചായത്തുകൾക്കാണ് നൽകാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly